ശാസ്താംകോട്ട താലൂക്ക് ആശുപത്രിയിൽ പുതിയ തസ്തിക

147 (5852) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശാസ്താംകോട്ട താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ പുതിയ തസ്തിക സൃഷ്ടിക്കുന്നതിന് ആരോഗ്യ വകുപ്പിൽ നിന്നും എത്തിയിട്ടുള്ള നിർദ്ദേശം പരിഗണിക്കുമോ ;

(ബി) പുതിയ തസ്തിക സൃഷ്ടിക്കലുമായി ബന്ധപ്പെട്ട് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ ?

ഉത്തരം

(എ) ശാസ്താംകോട്ട താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ പുതിയ തസ്തിക സൃഷ്ടിക്കുവാനുള്ള നിർദ്ദേശം ഒന്നും നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിൽ ഇല്ല.

(ബി) പ്രസ്തുത നിർദ്ദേശം ഭരണ വകുപ്പിൽ നിന്ന് ലഭിക്കുന്ന മുറയ്ക്ക്, നിർദ്ദേശത്തിന്റെ എല്ലാ വശങ്ങളും പരിശോധിച്ച് ആവശ്യമെങ്കിൽ അംഗീകരിക്കുന്നതിന് തടസ്സം ഒന്നും ഇല്ല.

സർക്കാർ ജീവനക്കാരുടെ ഭവനനിർമ്മാണ വായ്പ

148 (5853) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2009-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പ്രകാരം സർക്കാർ ജീവനക്കാരുടെ ഭവന നിർമ്മാണ വായ്പ പുനഃസ്ഥാപിച്ചതനുസരിച്ച് എത്ര ജീവനക്കാർക്ക് ഇതിനോടകം സർക്കാർ ഭവനനിർമ്മാണ വായ്പ അനുവദിച്ചുവെന്ന് വിശദമാക്കുമോ ; നിലവിൽ അനുവദിക്കപ്പെട്ട വായ്പ ഏതെല്ലാം മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ ; ഏതുവർഷം പെൻഷനാകുന്ന ആൾക്കുവരെ ഭവന വായ്പ അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഏതു വർഷം പെൻഷൻ പറ്റുന്നയാളുകളുടേതുവരെയാണ് ഭവനവായ്പ തിരിച്ചടവ് 2010 മെയ് മാസം ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; വായ്പ അനുവദിക്കപ്പെട്ട എല്ലാ ജീവനക്കാരും 2010 മെയ് മാസം മുതൽ തുക തിരിച്ചടയ്ക്കുവാൻ ഓഫീസ് മേധാവികൾ നിർബന്ധം പിടിക്കുന്ന സാഹചര്യം ഉണ്ടാകുന്നുണ്ടോ ;

(സി) ഭവന വായ്പക്കുവേണ്ടി സർക്കാരിലേക്ക് പണയാധാരം രജിസ്റ്റർ ചെയ്യുന്നതിന് ഫീസ് ഒഴിവാക്കി ഉത്തരവായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly